REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-07-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നാല് ദിവസത്തെ UK, മാലിദ്വീപ് സന്ദർശനം ഇന്നാരംഭിക്കും.
- പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.
- ജനപ്രിയനേതാവ് VS അച്യുതാനന്ദന് ആയിരങ്ങളുടെ യാത്രാമൊഴി. വിലാപയാത്ര അൽപം മുമ്പ് ആലപ്പുഴയിലെ VS ന്റെ പറവൂരിലെ വീട്ടിലെത്തി.
- ഇന്ന് ദേശീയ പ്രക്ഷേപണ ദിനം.
- BJP സംസ്ഥാന മോർച്ച ഭാരവാഹികളെ നിയമിച്ചു.
- സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്.
- ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റ് വൈകിട്ട് മാഞ്ചസ്റ്ററിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നാല് ദിവസത്തെ UK, മാലിദ്വീപ് സന്ദർശനം ഇന്നാരംഭിക്കും. ആദ്യ രണ്ടു ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി വൈകിട്ട് ലണ്ടനിലെത്തും. ഇന്ത്യ - UK ബന്ധം ശക്തിപ്പെടുത്തുന്നതിന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ UK സന്ദർശനം. പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ ഇരുവരും അഭിപ്രായങ്ങൾ കൈമാറും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 27,28 തിയതികളിൽ തമിഴ്നാട് സന്ദർശിക്കും. രാജേന്ദ്രചോളൻ ഒന്നാമൻ ബംഗാളിൽ നേടിയ വിജയത്തിന്റെ ആയിരം വാർഷികാഘോഷ പരിപാടിയിൽ അരിയലൂർ ജില്ലയിൽ പ്രധാനമന്ത്രി 27ന് പങ്കെടുക്കും. യുനസ്കോ പൈതൃക കേന്ദ്രമായ ബൃഹദീശ്വര ക്ഷേത്രത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. ചടങ്ങിൽ അനുസ്മരണ നാണയവും അദ്ദേഹം പ്രകാശനം ചെയ്യും. തൂത്തുകുടിയിലെ നവീകരിച്ച വിമാനത്താവളം 28ന് പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

ചന്ദ്രശേഖർ ആസാദിന്റെയും ബാലഗംഗാധര തിലകിന്റേയും ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ ജ്വലിപ്പിക്കാനും മുന്നോട്ട് നയിക്കാനും ഇരു നേതാക്കളും നൽകിയ സംഭാവനകൾ പ്രധാനമന്ത്രി അനുസ്മരിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ആസാദിന്റെ പങ്ക് ഏറെ വിലമതിക്കുന്നതാണെന്നും നീതിക്കുവേണ്ടി ധൈര്യത്തോടെ നിലകൊള്ളാൻ അത് യുവാക്കളെ പ്രേരിപ്പിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ജ്വലിപ്പിക്കുന്നതിൽ നിർണായക പങ്കായിരുന്നു മികച്ച ചിന്തകൻ കൂടിയായ ലോകമാന്യ ബാലഗംഗാധര തിലകിന്റേതെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു. ചോദ്യോത്തരവേളയിൽ ലോക്സഭയിലെ ബഹളം മൂലം സ്പീക്കർ ഓംബിർളയും ശൂന്യവേളയിൽ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശും സഭ നിർത്തി വെക്കുകയായിരുന്നു.

നേരത്തെ പാർലമെന്റിന് മുന്നിൽ പ്രതിപക്ഷം പ്രതിഷേധം സംഘടിപ്പിച്ചിരുന്നു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയടക്കം കക്ഷി നേതാക്കൾ പാർലമെന്റ് കവാടത്തിലെ പരിപാടിയിൽ പങ്കെടുത്തു.

ബിഹാറിലെ പ്രത്യേക വോട്ടർപട്ടിക പുതുക്കൽ ഉൾപ്പെടെ വിഷയങ്ങളിലായിരുന്നു പ്രതിപക്ഷ പ്രതിഷേധം.

✪✪✪

ജനപ്രിയനേതാവ് VS അച്യുതാനന്ദന് ജന്മനാട്ടിൽ ആയിരങ്ങളുടെ യാത്രാമൊഴി. തിരുവനന്തപുരത്ത് നിന്ന് ഇന്നലെ ഉച്ചയ്ക്ക് ആരംഭിച്ച വിലാപയാത്ര അൽപം മുമ്പാണ് ആലപ്പുഴ പറവൂരിലെത്തിയത്. കാസർകോട് മുതൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് പാർട്ടിപ്രവർത്തകരും അനുയായികളും വിലാപയാത്രയിൽ പങ്കെടുക്കാനും VS-ന് അന്ത്യാഭിവാദ്യം അർപ്പിക്കാനും എത്തിക്കൊണ്ടിരിക്കുകയാണ്. മണിക്കൂറുകൾ വൈകിയാണ് വിലാപയാത്ര ഓരോ കേന്ദ്രവും പിന്നിട്ടത്.

ആകാശവാണി ആലപ്പുഴ പ്രതിനിധി R രവികുമാറിന്റെ റിപ്പോർട്ട്...

...(വോയ്സ്).....

✪✪✪

വിഎസ് അച്യുതാനന്ദന്റെ സംസ്കാരവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളിൽ ചെറിയ രീതിയിൽ സമയമാറ്റം വേണ്ടി വരുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അറിയിച്ചു. അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തുന്നവരുടെ തിരക്ക് മൂലം ഭൗതികശരീരവുമായി പോകുന്ന വാഹനം വളരെ പതുക്കെ മാത്രമാണ് സഞ്ചരിക്കുന്നത്. മുഴുവനാളുകൾക്കും അന്ത്യാഭിവാദ്യം അർപ്പിക്കാൻ അവസരം ഒരുക്കുമെന്നും MV ഗോവിന്ദൻ പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. റേഡിയോ, ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഓർമ്മിപ്പിക്കാനാണ് എല്ലാ വർഷവും ജൂലൈ 23-ന് ദേശീയ പ്രക്ഷേപണ ദിനം ആചരിക്കുന്നത്.

ആകാശവാണി ഡയറക്ടർ ജനറൽ ഡോ. പ്രഗ്യാ പാലിവാൽ ഗൗർ....

.......വോയ്സ്.......

✪✪✪

നവവാർത്താ മാധ്യമങ്ങളുടെ ബാഹുല്യത്തിനിടയിലും ആകാശവാണി എന്ന പ്രക്ഷേപണ മാധ്യമത്തെ നെഞ്ചേറ്റുന്ന ശ്രോതാക്കളും അവരുടെ കൂട്ടായ്മകളും നിരവധിയാണ്. ഈ ദേശീയ പ്രക്ഷേപണ ദിനത്തിൽ, കേട്ടും എഴുതിയും അര നൂറ്റാണ്ടായി ശ്രവ്യമാധ്യമ അനുഭവങ്ങളെ സജീവമാക്കുന്ന ഒരു ശ്രോതാവിനെ പരിചയപ്പെടാം.

പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...

........വോയ്സ്......

അര നൂറ്റാണ്ടായി മലയാളികളായ ആകാശവാണി ശ്രോതാക്കൾ ഒരു തവണയെങ്കിലും റേഡിയോയിലൂടെ കുഞ്ഞിപ്പ പന്താവൂർ. എന്ന പേര് കേൾക്കാതിരിന്നുട്ടുണ്ടാവില്ല. കാരണം ഈ കാലയളവിനുള്ളിൽ ഒന്നര ലക്ഷത്തോളം കത്തുകളാണ് കുഞ്ഞിപ്പ ആകാശവാണിയിലേക്ക് അയച്ചിരിക്കുന്നത്. എടപ്പാളിനടുത്ത് പന്താവൂർ പള്ളിയിലെ മുക്രിയായ കുഞ്ഞിപ്പഒരു ദിവസത്തെ മുഴുവൻ പരിപാടികളും കേട്ടും പ്രക്ഷേപണ സമയത്ത് കേൾക്കാൻ കഴിയാത്തവ റെക്കോർഡ് ചെയ്ത് കേട്ടുമാണ് ആകാശവാണിക്ക് പ്രതികരണം അറിയിക്കുന്നത്. 1977 മുതൽ കുഞ്ഞിപ്പ ആകാശവാണിക്ക് കത്തെഴുതുന്നുണ്ട്..അന്നുമുതൽ ആകാശവാണിയുടെ കേരളത്തിലെ ഏതെങ്കിലും ഒരു നിലയത്തിൽ നിന്ന് കുഞ്ഞിപ്പ പന്താവൂർ എന്ന പേര് ശ്രോതാക്കൾ കേൾക്കുന്നുമുണ്ട്. ആകാശവാണിക്ക് ഇപ്പോഴും ശ്രോതാക്കൾ ഏറെയാണെന്ന് റേഡിയോ പരിപാടികൾക്കുള്ള പ്രതികരണങ്ങൾ വിലയിരുത്തി കുഞ്ഞിപ്പ പന്താവൂർ പറയുന്നു.കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള റേഡിയോ ശ്രോതാക്കളുടെ ചെറുതും വലുതുമായ കൂട്ടായ്മകൾ തന്നെ അതിന് തെളിവാണെന്നും അദ്ദേഹം ചൂണ്ടി കാണിക്കുന്നു

✪✪✪

ദേശീയ പ്രക്ഷേപണ ദിനത്തിൽ ആശംസ നേർന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ. രാഷ്ട്രത്തിന്റെ ശബ്ദമായ ആകാശവാണി 90 വർഷം ആഘോഷിക്കുന്ന സാഹചര്യത്തിൽ ഈ ദിനം ഏറെ സവിശേഷമാണെന്ന് അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ യുഗത്തിലും വൈവിധ്യമാർന്ന പരിപാടികൾ പ്രക്ഷേപണം ചെയ്യുന്ന ആകാശവാണിക്ക് ഇന്നും ജനഹൃദയങ്ങളിൽ പ്രത്യേക സ്ഥാനമുണ്ടെന്നും ചെയർമാൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കുന്നതിന് കരട് പട്ടിക പ്രസിദ്ധീകരിച്ചു. അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 30ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാൻ അറിയിച്ചു. കരട് വോട്ടർപട്ടിക എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ് സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കും. ആഗസ്റ്റ് ഏഴ് വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം.

✪✪✪

BJP യുമായി ബന്ധപ്പെട്ട മോർച്ചകളുടെ സംസ്ഥാന പ്രസിഡന്റുമാരെ നിയമിച്ചു. പാർട്ടി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറാണ് ഇവരുടെ പട്ടിക രാവിലെ തിരുവനന്തപുരത്ത് പുറത്തുവിട്ടത്. മഹിളാ മോർച്ച സംസ്ഥാന പ്രസിഡന്റ്

കോഴിക്കോട്ടെ നവ്യഹരിദാസാണ്. OBC മോർച്ച - മലപ്പുറത്തെ M പ്രേമൻ മാസ്റ്റർ, SC മോർച്ച - തൃശൂരിലെ ഷാജുമോൻ വട്ടേക്കാട്, ST മോർച്ച- വയനാട്ടിലെ മുകുന്ദൻ പള്ളിയറ, മൈനോറിറ്റി മോർച്ച - കോട്ടയത്തെ സുമിത് ജോർജ്ജ്, കിസാൻ മോർച്ച - പത്തനംതിട്ടയിലെ ഷാജി രാഘവൻ, യുവമോർച്ച- തിരുവനന്തപുരത്തെ V മനുപ്രസാദ് എന്നിവരാണ് സംസ്ഥാന പ്രസിഡന്റുമാർ.

✪✪✪

BJP സംസ്ഥാന ശില്പശാല രാവിലെ കോട്ടയത്ത് തുടങ്ങി. നാഗമ്പടത്തെ ജില്ലാകമ്മിറ്റി ഓഫീസിൽ പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു. തദ്ദേശ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്തുന്ന ഏകദിന ശില്പശാലയിൽ മുതിർന്ന നേതാക്കളും സംസ്ഥാനത്തെ 30 സംഘടനാ ജില്ലാ പ്രസിഡണ്ടുമാരും, ജനറൽ സെക്രട്ടറിമാരും, പ്രഭാരിമാരും പങ്കെടുക്കുന്നുണ്ട്.

✪✪✪

സ്കൂൾ സമയമാറ്റം സംബന്ധിച്ച് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായി മന്ത്രി V ശിവൻകുട്ടി ഇന്ന് നടത്താനിരുന്ന ചർച്ച വെള്ളിയാഴ്ചത്തേക്ക് മാറ്റി. മറ്റന്നാൾ ഉച്ച കഴിഞ്ഞ് നാലരയ്ക്കായിരിക്കും ചർച്ച.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ആറ് ജില്ലകളിലൊഴികെ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംത്തിട്ട ജില്ലകളിലാണ് മഞ്ഞ ജാഗ്രത. അതിശക്ത മഴക്ക് സാധ്യത മുൻനിർത്തി മറ്റന്നാൾ മുതൽ ചില ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

നാളെ കർക്കടക വാവുബലി. സംസ്ഥാനത്തെ തീർത്ഥ ഘട്ടങ്ങളിലും ബലിതർപ്പണ കേന്ദ്രങ്ങളിലും ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്.

കണ്ണൂർ ജില്ലയിൽ ഒരുക്കങ്ങളെപറ്റി ജില്ലാ പ്രതിനിധി KO ശശിധരൻ...

..........വോയ്സ്.......

പിതൃ മോക്ഷ പുണ്യം നേടുന്നതിനുള്ള ബലിതർപ്പണ ചടങ്ങുകൾ വിവിധ ക്ഷേത്രങ്ങളുടെ നേതൃത്വത്തിലാണ് സജ്ജീകരിച്ചിട്ടുള്ളത്. കണ്ണൂർ പയ്യാമ്പലം തയ്യിൽ കടൽത്തീരത്ത് സേവാഭാരതി സൗകര്യം ഒരുക്കിയിട്ടുണ്ട് മുഴപ്പിലങ്ങാട് ഡ്രൈവിംഗ് ബീച്ചിൽ മുഴപ്പിലങ്ങാട് കുറുമ്പ ഭഗവതി ക്ഷേത്ര കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ബലിതർപ്പണ ചടങ്ങുകൾ നടക്കുക.

കണ്ണൂർ തളാപ്പ് സുന്ദര ക്ഷേത്രത്തിൽ രാവിലെ ആറുമണിക്ക് ബലിക്കുറി ആരംഭിക്കും തളിപ്പറമ്പ് തൃച്ചംബരം ക്ഷേത്രത്തിലെ പിണ്ഡക്കുളത്തിലാണ് ബലിതർപ്പണ ചടങ്ങുകൾ നടക്കുക തലശ്ശേരി തലയിൽ ബാലഗോപാല ക്ഷേത്രവും നാരങ്ങപുരം തൃക്കേശു ക്ഷേത്രവും ചേർന്ന് തലായി കടൽത്തീരത്ത് രാവിലെ മുതൽ ബലിതർപ്പണം ആരംഭിക്കും ആ ദി കടലായി ശ്രീകൃഷ്ണ ക്ഷേത്രം സേവാസമാജത്തിന് നേതൃത്വത്തിൽ തോട്ടടക്കടപ്പുറത്ത് ബലിതർപ്പണം ഉണ്ടാകും.

ബലിതർപ്പണത്തിൽ പങ്കെടുക്കുന്നതിനായുള്ള രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിൽ എത്തി അതിരാവിലെ മുതൽ തന്നെ ടോക്കണുകൾ നൽകിത്തുടങ്ങും. ടോക്കണിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ബലിതർപ്പണം ചെയ്യാനുള്ള സൗകര്യം ഒരുക്കുക ജില്ലയിൽ ഇന്നും ശക്തമായ മഴ തുടരുകയാണ്

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റ് വൈകിട്ട് മാഞ്ചസ്റ്ററിലെ ഓൾഡ് ട്രഫോഡിൽ ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിൽ ഒരു മത്സരം മാത്രം വിജയിച്ച ഇന്ത്യയ്ക്ക് ഈ ടെസ്റ്റ് നിർണായകമാണ്. രണ്ട് മാച്ച് വിജയിച്ച ഇംഗ്ലണ്ടിന് ഇതിലും വിജയം നേടാനായാൽ പരമ്പര സ്വന്തമാക്കാം. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

✪✪✪

സ്വർണവില പവന് 75,000 രൂപ കവിഞ്ഞു. ഇന്ന് പവന് 760 രൂപ ഉയർന്ന് 75,040 രൂപയായി. ഗ്രാമിന് 9,380 രൂപയാണ് ഇന്നത്തെ വില.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRT:അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*